B2-28381/17

## വകുപ്പ്തല പരിശോധനാ റിപ്പോർട്ട് ജില്ലാ പട്ടികജാതി വികസന ആഫീസ് പാലക്കാട് ജില്ല.

| | | |
|---|---|---|
| പരിശോധന കാലയളവ് | : | 01/04/2014 മുതൽ 31/12/2016 വരെ |
| പരിശോധന തീയതി | : | 16/08/2017 മുതൽ 19/08/2017 വരെ |
| പരിശോധനാ വിഭാഗം | : | ഫിൻ സി സെക്ഷൻ |
| സീനിയർ സൂപ്രണ്ട് | | ശ്രീ. ജി. സുനിൽ |
| സീനിയർ ക്ലാർക്ക് | : | ശ്രീ. നിദീഷ് എം. എ. |

## പരിശോധന കാലയളവിൽ ചാർജ്ജ് വഹിച്ചിരുന്ന ഓഫീസർമാർ

### ജില്ലാ പട്ടികജാതി വികസന ആഫീസർമാർ

| | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. വി. എസ്. മുഹമ്മദ് ഇബ്രാഹിം | 17/08/2009 മുതൽ 23/04/2015 FN വരെ |
| 2 | ശ്രീ. കെ. എച്ച്. അബദുൾ സത്താർ | 23/04/2015 FN മുതൽ 31/07/2015 FN വരെ |
| 3 | ശ്രീ. കെ. പി. കൃഷ്ണകുമാർ | 31/07/2015 FN മുതൽ 07/12/2015 FN വരെ |
| 4 | ശ്രീ. എ.കെ. രഘുനാഥ് | 07/12/2015 FN മുതൽ 21/10/2016 FN വരെ |
| 5 | ശ്രീ. കെ. പ്രഭാകരൻ | 21/10/2016 FN മുതൽ 26/10/2016 FN വരെ |
| 6 | ശ്രീ. എസ്. നസീർ | 26/10/2016 FN മുതൽ തുടരുന്നു. |

### അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ആഫീസർമാർ

| | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. എ. കെ. രഘുനാഥ് | 21/05/2014 മുതൽ 07/12/2015 FN വരെ |
| 2 | ശ്രീ. പി. പ്രദീപ് (i/c) | 07/12/2015 FN മുതൽ 29/12/2015 FN വരെ |
| 3 | ശ്രീ. റ്റി.എം. സുനിൽ | 29/12/2015 FN മുതൽ 31/03/2016 AN വരെ |
| 4 | ശ്രീ. പി. പ്രദീപ് (i/c) | 01/01/2016 FN മുതൽ 01/07/2016 FN വരെ |
| 5 | ശ്രീ. പി.വി. ശ്രീനിവാസൻ | 01/07/2016 AN മുതൽ 31/10/2016 FN വരെ |
| 6 | ശ്രീ. ജോസഫ് ജോൺ | 31/10/2016 FN മുതൽ തുടരുന്നു |

# ഭാഗം I

## I വിവിധ രജിസ്റ്ററുകളുടെ പരിശോധന

### ക്യാഷ്ബുക്കും ബിൽബുക്കും

1. ക്യാഷ്ബുക്കുകൾ അനുയോജ്യമായ വാല്യങ്ങളായി സൂക്ഷിയ്ക്കേണ്ടതാണ് എന്നിരിക്കെ അപ്രകാരം ക്യാഷ് ബുക്കുകൾ പരിപാലിയ്ക്കുന്നതായി കാണുന്നില്ല. ന്യൂനത പരിഹരിയ്കേണ്ടതാണ്. (Rule 92 (a) (i) of KTC VOL I);
2. ക്യാഷ്ബുക്കിൽ എല്ലാ ദിവസത്തെയും വരവ്/ചെലവുകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്തേണ്ടതാണ്. ട്രാൻസാക്ഷൻ ഇല്ലാത്ത ദിവസങ്ങളിൽ അക്കാര്യം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ അപ്രകാരം ക്യാഷ്ബുക്ക് പരിപാലിയ്ക്കുന്നതായി കാണുന്നില്ല. ഉദാ; 05/04/2014, 06/04/2014, 08/04/2014 തുടങ്ങിയ ദിവസങ്ങളിൽ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.
3. ബിൽബുക്ക് പ്രകാരം റ്റി.എസ്. ബി. അക്കൗണ്ടിലേയ്ക്ക് ട്രാൻസർ ക്രെഡിറ്റ് ചെയ്യുമ്പോൾ ആയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തുന്നതിലേയ്ക്കായി ഒരു 'subsidiary Register' പരിപാലിയ്ക്കേണ്ടതാണ്. എന്നാൽ അപ്രകാരം രജിസ്റ്റർ പരിപാലിക്കുന്നില്ല എന്നു മാത്രമല്ല ക്യാഷ് ബുക്കിൽ വരവ് കാണിയ്ക്കുന്നുമില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. (G.O.(p)No.138/2016/Fin dtd: 23/09/2016) )
4. എല്ലാ സാമ്പത്തിക ഇടപാടുകളും യഥാസമയം ക്യാഷ് ബുക്കിൽ വരവ്/ചെലവ് കാണിയ്ക്കേണ്ടതും അതു പരിശോധിച്ചതിന്റെ തെളിവിലേയ്ക്കായി ഓഫീസ് തലവൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ടി ഓഫീസിലെ 01/06/2014 മുതലുള്ള ക്യാഷ്ബുക്കിൽ പേജ് നം. 24 മുതലുള്ള പേജുകൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.
   (Rule 92 (a) ii of KTC Vol 1)
5. സി.ബി.1203/14-15 തീയതി: 19/09/2014 പ്രകാരം 2324/- രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ട്രഷറി ഓഫീസർ 2234/- രൂപ പാസാക്കിയിട്ടുള്ളതായി കാണുന്നു. നിജസ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

b. Rule 432(d)of KTC Vol1 പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

c. ബില്ലുകളുടെ ആകെ തുക സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതായി കാണുന്നില്ല.

ഉദാ: EB-6/14-15 c/o 11/04/2014
EB-13/ 14-15 c/o 28/04/2014
EB-14/14-15 c/o 02/05/2014

d. ബില്ലുകളെ സംബന്ധിക്കുന്ന പൂർണ്ണവിവരം രജിസ്റ്ററിൽ രേഖപ്പെടുത്തണം എന്നിരിക്കെ അപ്രകാരം രേഖപ്പെടുത്തലുകൾ നടത്താതെ തുക വിതരണം ചെയ്യുന്നതായി കാണുന്നു.

ഉദാ: 23/07/2014-ൽ മാറിയ 28855/- രൂപയുടെ ബിൽ നമ്പർ എഴുതിയിട്ടില്ല. ബിൽ നമ്പർ 39/14-15 പ്രകാരം മാറിയ തുകയുടെ Gross amount മാറിയ തീയതി തുടങ്ങിയ രേഖപ്പെടുത്തലുകൾ എഴുതിയിട്ടില്ല.

e. താഴെപ്പറയുന്ന ബില്ലുകളിൽ വിതരണം ചെയ്ത തുക രേഖപ്പെടുത്താതെ വിട്ടിരിയ്ക്കുന്നതായി കാണുന്നു.

ബിൽനം.8/16-17 തീയതി: 20/04/2016- 3,26,118/-

ബിൽ നം.09/16-17 തീയതി: 20/04/2016- 44,360/

f. 08/09/2016-ന് ശേഷമുള്ള രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തുന്നതായി കാണുന്നില്ല. സ്പാർക്ക് മുഖേന തുകവിതരണം നടത്തുമ്പോൾ ആയതിന്റെ വിശദാംശം സ്പാർക്ക്-ൽ നിന്ന് ഡൗൺലോഡ് ചെയ്ത് ആയതിന്റെ പ്രിന്റ് ഔട്ട് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിയ്ക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

(G.O.(P)No.138/2016/Fin തീയതി: 23/09/2016)

## V. അക്വിറ്റൻസ് ( പിറ്റിഎസ്, അപ്രന്റിസ് ക്ലാർക്ക്)

a) രജിസ്റ്ററിൽ റൂൾ 432/(d) of KTC Vol 1 പ്രകാരം സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല

ഉദാ: CB- 03/14-15 c/o- 04/04/2014

CB- 76/14-15 c/o- 03/09/2014

CB- 81/14-15 c/o- 05/09/2014

VIII <u>അക്വിറ്റൻസ് രജിസ്റ്റർ (സ്വയം തൊഴിൽ പദ്ധതി)</u>

a) രജിസ്റ്ററിൽ പേജ് നമ്പരിടുകയോ Count Cetificate രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

b) രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

c) തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്, തേർച്ച ചെയ്ത തീയതി, ആകെ തുക തുടങ്ങിയ എല്ലാ രേഖപ്പെടുത്തലുകളും രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതായി കാണുന്നില്ല.

ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം II

## വിവിധ പദ്ധതികൾ

## I. വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ധനസഹായം

a. ടി പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി 2014-15 വർഷം 10 ഗുണഭോക്താക്കൾക്കായി 320000/- രൂപയും 2015-16 വർഷം 114 ഗുണഭോക്താക്കൾക്കായി 3400000/- രൂപയും 2016-17 വർഷം 128 ഗുണഭോക്താക്കൾക്കായി 3340000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

b. 2016-17 വർഷം ടി പദ്ധതി പ്രകാരം ശ്രീ. മണികണ്ഠൻ കെ. പി., കിഴക്കേപ്പള്ളിയാലിൽ ഹൗസ്, മലമക്കാവ്, കൂടല്ലൂർ എന്ന ഗുണഭോക്താവിന് 2-ാം ഗഡുവായി 20000/- രൂപ അനുവദിച്ചതായി കാണുന്നു. എന്നാൽ തൃത്താല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും 30000/- രൂപ അനുവദിയ്ക്കുകയും അധികമായി അനുവദിച്ച 10000/- രൂപ 26/04/2017-ന് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയത് എപ്രകാരം സംഭവിച്ചു എന്ന് വിശദമായി അന്വേഷിയ്ക്കേണ്ടതും നിജസ്ഥിതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

c. ശ്രീ.മണികണ്ഠൻ S/O കൃഷ്ണൻ,മുണ്ടിയൻപറമ്പ്, കൊല്ലംകോട് എന്ന ഗുണഭോക്താവിന് സി-10083/13 തീയതി: 05/03/2015 ഉത്തരവ് പ്രകാരം 1-ാം ഗഡുവായി 30000/- രൂപ അനുവദിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ടിയാൻ രണ്ടാംഗഡുവിന് അപേക്ഷിച്ചിട്ടുള്ളത് 08/06/2014-ന് വിദേശത്ത് ജോലിയിൽ പ്രവേശിപ്പിച്ചതായുള്ള ജോയിനിംഗ് റിപ്പോർട്ട് പ്രകാരമാണ് അതായത് 1-ാം ഗഡു അനുവദിയ്ക്കുന്നതിന് മുമ്പുള്ള ജോയിനിംഗ് റിപ്പോർട്ട് ആണ് സമർപ്പിച്ചിട്ടുള്ളത്. വിശദീകരണം നൽകേണ്ടതാണ്.

iv. ശ്രീ. രാമചന്ദ്രൻ സി. എൻ., ചെറായ പള്ളിയാൻ എന്ന ഗുണഭോക്താവിന് 1,80,000/- രൂപ അനുവദിച്ചപ്പോൾ സബ്സിഡി 59,400/- രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

മേൽ പ്രകാരം സബ്സിഡി തുകയുടെ നിരക്കിൽ വ്യത്യാസം ഉണ്ടായ സാഹചര്യം വ്യക്തമാണ്.

## III എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്

a) പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 26/03/2016 തീയതിയിലെ ബി-30816/15 നമ്പർ ഉത്തരവ് പ്രകാരം തുക അനുവദിച്ച വിചിത്ര എം. പുതുവൽ പുത്തൻവീട്, മുട്ടത്തറ എന്ന വിദ്യാർത്ഥിയ്ക്ക് 10000/- രൂപ ടി പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാരിയുടെ അപേക്ഷ പരിശോധിച്ചതിൽ വരുമാന സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. ആയത് കണ്ടെത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

b) ടി പദ്ധതികളുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകൾ ഓഫീസർ ഇനീഷ്യൽചെയ്ത് തീയതി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല എന്ന് കാണുന്നു. കൂടാതെ അപേക്ഷകളിൽ അപേക്ഷകൻ തീയതി രേഖപ്പെടുത്തുന്നുമില്ല. ഇത് ശരിയായ നടപടി അല്ല. അപേക്ഷകളിൽ സ്വീകരിച്ച തീയതി രേഖപ്പെടുത്തുകയും മുൻഗണനാ ക്രമത്തിൽ അപേക്ഷകൾ പരിഗണിക്കേണ്ടതുമാണ്.

## IV ഗവൺമെന്റ് ഓഫ് ഇൻഡ്യ സ്കോളർഷിപ്പ്

a) ടി പദ്ധതി പ്രകാരം 2016-17 വർഷം 292 വിദ്യാർത്ഥികൾക്കായി 52,33,116/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ധനവിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചിട്ടുള്ളതായി കാണുന്നില്ല.

b) ജില്ലാ പട്ടികജാതി വികസന ആഫീസർ, പാലക്കാട്-ന്റെ ഉത്തരവ് നം. ബി-25995/15 തീയതി: 23/05/2016 പ്രകാരം ശ്രീ. അഖിൽരാജ് പി. ആർ. എന്ന വിദ്യാർത്ഥിയ്ക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി വിദ്യർത്ഥിയുടെ വാർഷിക കുടുംബ വരുമാനം 1292016/- രൂപ എന്നു കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

c) ടി ഓഫീസിലെ 26/10/2015-ലെ സി-16656/14 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. ശ്രീകല സി., ചാണക്കരവീട്, പാറശ്ശേരി പി. ഒ. എന്നയാൾക്ക് 8250/- രൂപ അനുവദിച്ചിട്ടുണ്ട്. 02/07/2014 മുതൽ പ്രാക്ടീസ് നടത്തുന്ന ടിയാരിയ്ക്ക് രണ്ടാം ഗഡു നൽകിയിട്ടില്ല. കാരണം വിശദീകരിയ്ക്കേണ്ടതാണ്. കൂടാതെ ടിയാരിയുടെ എഗ്രിമെന്റ് ഓഫീസർ കൗണ്ടർ സൈൻ ചെയ്തതായി കാണുന്നില്ല

d) ഉത്തരവ് നമ്പർ സി-14972/15 തീയതി; 20/10/2016 പ്രകാരം ശ്രീമതി. ലക്ഷ്മി വരദ യു. ആർ., വള്ളിക്കാട്ടു പറമ്പിൽ, ആനക്കര പി.ഒ. എന്നയാൾക്ക് എൻറോൾമെന്റ് ഫീ ഇനത്തിൽ 1550/- രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വൗച്ചർ ഹാജരാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

VII സ്തെതസ്കോപ്പ് വിതരണം

a) 2014-15 വർഷം 73 വിദ്യാർത്ഥികൾക്ക് 423400/- രൂപ, 2015-16 വർഷം 80 പേർക്ക് 46,4000/- രൂപ, 2016-17 വർഷം 89 പേർക്കായി 498800/- രൂപ എന്നിങ്ങനെ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.-യ്ക്ക് അയച്ചതായി കാണുന്നില്ല. ആയത് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

VIII വിവാഹ ധനസഹായ പദ്ധതി

a) ടി പദ്ധതി പ്രകാരം 2014-15 വർഷം 1390 പേർക്ക് 6,86,00,000/- രൂപ, 2015-16 വർഷം 1498 പേർക്ക് 7,47,95,000/- രൂപ 2016-17 വർഷം 2392 പേർക്ക് 11,96,00,000/- രൂപ എന്നിങ്ങനെ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ യു.സി. അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുത്തു വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്

IX. മിശ്രവിവാഹ ധനസഹായ പദ്ധതി

a) 2014--15 വർഷം 204 ഗുണഭോക്താക്കൾക്കായി 9970000/- രൂപ 2015-16 വർഷം 180 ഗുണഭോക്താക്കൾക്കായി 8960000/- രൂപ 2016-17 വർഷം 200 പേർക്കായി 1,00,00,000/- രൂപ എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്. യു.സി. അക്കൗണ്ടന്റ് ജനറലിന് അയച്ച് കൊടുക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

| | | | | | |
|---|---|---|---|---|---|
| 2012-13 | 214 | 26 | 76 | 112 | 39 |
| 2013-14 | 567 | 08 | 323 | 236 | 171 |
| 2014-15 | 571 | 330 | 180 | 61 | 291 |
| 2015-16 | 1111 | 664 | 362 | 85 | 13 |

പൂർത്തീകരിച്ച ഭവനങ്ങളുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.-യ്ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആകെ അനുവദിച്ച വീടുകളിൽ പൂർത്തീകരിച്ച വീടുകൾ വളരെ കുറവാണെന്ന് കാണുന്നു. പദ്ധതി പൂർത്തീകരണത്തിന് സത്വര നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## XIII അതിക്രമം തടയൽ നിയമം

ടി പദ്ധതി പ്രകാരം 2014-15 വർഷം 33 ഗുണഭോക്താക്കൾക്കായി 11,89,570/- രൂപയും 2015-16 വർഷം 30 പേർക്കായി 15,00,000/- രൂപയും 2016-17 വർഷം 39,70,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ധനവിനിയോഗ സർട്ടിഫിക്കറ്റ് എ. ജി.-യ്ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## XIV പാരലൽ കോളേജ് വിദ്യാഭ്യാസാനുകൂല്യം

2014-15 വർഷം പാരലൽ കോളേജ് വിദ്യാഭ്യാസാനുകൂല്യമായി 4930 പേർക്കായി 2,50,00,000/- രൂപയും 2015-16 വർഷം 4613 പേർക്കായി 1,73,88,420/- രൂപയും 2016-17 വർഷം 6637 പേർക്കായി 4,77,13,490/- രൂപയും അനുവദിച്ചിട്ടുണ്ട്. ധനവിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.-യ്ക്ക് അയച്ചുകൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## XV അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് സ്കീം

ടി പദ്ധതി പ്രകാരം 2014-15 വർഷം 737 പേർക്കായി 33,95,480/- രൂപ 2015-16 വർഷം 477 പേർക്ക് 22,50,625/- രൂപ 2016-17 വർഷം 518 പേർക്ക് 23,38,000/- രൂപ എന്നിങ്ങനെ വിതരണം ചെയ്തിട്ടുണ്ട്. ധനവിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.-യ്ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം III

### മറ്റ് രജിസ്റ്ററുകൾ

### I ഡസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

a) Govt. Circular No.43/88/Fin Dtd 03/06/1988 പ്രകാരം ദ്വൈവാര ഭൗതീക പരിശോധന നടത്തി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

b) രജിസ്റ്ററിൽ Count Certificate എഴുതിയിട്ടുണ്ടെങ്കിലും ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

c) 18/07/2017-ൽ 4267 രൂപയുടെ സ്റ്റാമ്പ് ബാലൻസ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

### II അറ്റന്റൻസ് രജിസ്റ്റർ

a) രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന തീയതികളിൽ ജീവനക്കാരുടെ കോളങ്ങൾ അർഹമായ അവധി രേഖപ്പെടുത്താതെ ഒഴിഞ്ഞു കിടക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | തീയതി |
|---|---|---|
| 1 | ജി. വിജയരാഘവൻ | 20/07/2016 |
| 2 | സേമി ജോസ് | 28/07/2016 |
| 3 | വി. പ്രണിത | 2016 ആഗസ്റ്റ് മാസം 4,5,8,11,12,16,18,20,23,25,26,27,29,30,31 തീയതികളിൽ |
| 4 | സ്മിത കെ. മേനോൻ | 10/08/2016 |
| 5 | എം.വി. രാജലക്ഷ്മി | 30/09/2016 AN |
| 6 | കെ.കെ. മുരളീധരൻ | 27/10/2016 AN , 28/10/2016 |

2016 വർഷം ഇപ്രകാരം ഓഫീസിൽ ഹാജരാകാതിരുന്നത് എപ്രകാരം ക്രമീകരിച്ചു എന്ന് വ്യക്തമാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 6 | CB -312/15-16 | 13/10/2015 | 2495 |
| 7 | CB -318/15-16 | 15/10/2015 | 8500 |
| 8 | CB -319/15-16 | 15/10/2015 | 8500 |
| 9 | CB -321/15-16 | 19/10/2015 | 1820 |
| 10 | CB -481/15-16 | 23/11/2015 | 11700 |
| 11 | CB -488/15-16 | 29/12/2015 | 970 |
| 12 | CB -489/15-16 | 29/12/2015 | 960 |
| 13 | CB -483/15-16 | 18/01/2016 | 22016 |
| 14 | CB -565/15-16 | 29/01/2016 | 8500 |
| 15 | CB -567/15-16 | 29/01/2016 | 8500 |
| 16 | CB -44/15-16 | 12/06/2014 | 1235 |
| 17 | CB -140/15-16 | 25/08/2014 | 1600 |
| 18 | CB -205/15-16 | 23/09/2014 | 31294 |

## V. ലോഗ് ബുക്ക്

a) KL-01-BB-5157 നമ്പർ Bolero ഉപയോഗിച്ചുവരുന്നു. പ്രതിമാസ ഇന്ധന ഉപഭോഗ പരിധി 31/05/2017 മുതൽ 96 ലിറ്ററായി കുറച്ചിരിക്കുന്നു. PWD Mechanical Sudivisional Assistant Exicutive Engineer സാക്ഷ്യപ്പെടുത്തിയ Fuel Consumption Certificate 04/03/2016 ലും 05/09/2016-ലും വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. ആയത് പ്രകാരം 12.05 km/Ltr ആണ് വാഹനത്തിന്റെ Fuel Efficiency.

b) താഴെപ്പറയുന്ന മാസങ്ങളിൽ Monthly Ceiling അധികരിച്ച തോതിൽ വാഹനം ഉപയോഗിച്ചതായി കാണുന്നു.